ഭാരത സർക്കാർ

നിയമ മന്ത്രാലയം

# സ്വകാര്യ സുരക്ഷാ ഏജൻസികൾ (നിയന്ത്രണം) ആക്റ്റ്, 2005

(2005-ലെ 29-ാം നമ്പർ ആക്റ്റ്)

(2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE PRIVATE SECURITY AGENCIES (REGULATION) ACT, 2005

(ACT No. 29 OF 2005)

(As on 17th September, 2009)

വില : 30 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
2010

## ആമുഖം

2009 സെപ്റ്റംബർ 17-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സ്വകാര്യ സുരക്ഷാ ഏജൻസികൾ (നിയന്ത്രണം) ആക്റ്റ്, 2005 (2005-ലെ 29-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ജനുവരി 5-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്,1-ാം വാല്യം, 1-ാം നമ്പരായി 1 മുതൽ 12 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക് പരിഭാഷ, ആധികാരികപാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരികപാഠമായിത്തീരുകയും ചെയ്തു.

വി. കെ. ഭാസിൻ,
*ഭാരതസർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Private Security Agencies (Regulation) Act, 2005 (Act No. 29 of 2005) as on 17th September, 2009 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 1 dated 5th January, 2010 on pages 1 to 12.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,
*Secretary to the Government of India.*

3/2557/2010/DTP.

# സ്വകാര്യ സുരക്ഷാ ഏജൻസികൾ (നിയന്ത്രണം) ആക്റ്റ്, 2005
## (2005-ലെ 29-ാംനമ്പർ ആക്റ്റ്)

### ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | നിയന്ത്രണാധികാരിയുടെ നിയമനം | 2 |
| 4. | ലൈസൻസ് ഇല്ലാതെ വ്യക്തികളോ സ്വകാര്യ സുരക്ഷാ ഏജൻസിയോ സ്വകാര്യ സുരക്ഷാ ഗാർഡിനെ ഏർപ്പാടാക്കുകയോ ഏർപ്പെടുത്തുകയോ പാടില്ലെന്ന് | 2 |
| 5. | ലൈസൻസിനുള്ള യോഗ്യത | 2 |
| 6. | ലൈസൻസിന് യോഗ്യത ഇല്ലാത്ത ആളുകൾ | 2 |
| 7. | ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷ | 3 |
| 8. | ലൈസൻസ് പുതുക്കൽ | 4 |
| 9. | പ്രവർത്തനത്തിന്റെ പ്രാരംഭത്തിനും സൂപ്പർവൈസർ മാരുടെ ഏർപ്പെടുത്തലിനുമുള്ള വ്യവസ്ഥകൾ | 4 |
| 10. | ഒരു സ്വകാര്യസുരക്ഷാഗാർഡ് ആകുന്നതിനുള്ള അർഹത | 4 |
| 11. | ലൈസൻസിന്റെ വ്യവസ്ഥകൾ | 5 |
| 12. | ലൈസൻസ് പ്രദർശിപ്പിക്കണമെന്ന് | 5 |
| 13. | ലൈസൻസിന്റെ റദ്ദാക്കലും സസ്പെൻഡ് ചെയ്യലും | 6 |
| 14. | അപ്പീലുകൾ | 7 |
| 15. | ഒരു സ്വകാര്യ സുരക്ഷാ ഏജൻസി സൂക്ഷിക്കേണ്ട രജിസ്റ്റർ | 8 |
| 16. | ലൈസൻസ് പരിശോധന, മുതലായവ | 8 |
| 17. | ഫോട്ടോ ഐഡന്റിറ്റി കാർഡ് നൽകൽ | 8 |
| 18. | പ്രാധികാരപ്പെടുത്താത്ത ആളിനോട് വിവരം വെളിപ്പെടുത്തൽ | 8 |
| 19. | ഏൽപ്പിച്ചുകൊടുക്കൽ | 9 |
| 20. | ചില വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ | 9 |
| 21. | ചില യൂണിഫോമുകളുടെ അനധികൃതമായ ഉപയോഗത്തിനുള്ള പിഴ | 9 |
| 22. | കമ്പനികളാലുള്ള കുറ്റങ്ങൾ | 9 |
| 23 | നഷ്ടോത്തരവാദം | 10 |
| 24. | സംസ്ഥാനങ്ങളാൽ സ്വീകരിക്കപ്പെടുന്നതിനുള്ള മാതൃകാ ചട്ടങ്ങളുടെ രൂപീകരണം | 10 |
| 25. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം | 10 |
| | പട്ടിക | 11 |

# സ്വകാര്യ സുരക്ഷാ ഏജൻസികൾ (നിയന്ത്രണം) ആക്റ്റ്, 2005

(2005-ലെ 29-ാം നമ്പർ ആക്റ്റ്)

[2005 ജൂൺ, 23]

സ്വകാര്യ സുരക്ഷാ ഏജൻസികളെ നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനോട് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയാറാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും:—(1) ഈ ആക്റ്റിന് 2005-ലെ സ്വകാര്യ സുരക്ഷാ ഏജൻസികൾ (നിയന്ത്രണം) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "കവചിത കാർ സേവനം" എന്നാൽ കേന്ദ്ര സർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ, അതത് സംഗതിപോലെ, കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന പ്രകാരം കവചിത കാറിനോടൊപ്പം സായുധ ഗാർഡുകളെയും വിന്യസിക്കൽ വഴി നല്കപ്പെടുന്ന സേവനവും അങ്ങനെയുള്ള മറ്റ് ബന്ധപ്പെട്ട സേവനങ്ങളും എന്നർത്ഥമാകുന്നു;

(ഖ) "നിയന്ത്രണാധികാരി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട നിയന്ത്രണാധികാരി എന്നർത്ഥമാകുന്നു;

(ഗ) "ലൈസൻസ്" എന്നാൽ 7-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട ലൈസൻസ് എന്നർത്ഥമാകുന്നു;

(ഘ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ങ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ച) "സ്വകാര്യ സുരക്ഷ" എന്നാൽ ഏതെങ്കിലും വ്യക്തിയെയോ സ്വത്തിനേയോ അല്ലെങ്കിൽ രണ്ടിനെയും കൂടിയോ സംരക്ഷിക്കുന്നതിനോ കാത്തുസൂക്ഷിക്കുന്നതിനോ ഒരു പബ്ലിക് സർവന്റ് അല്ലാത്ത ഒരു വ്യക്തിയാൽ നല്കപ്പെടുന്നതും കവചിതകാർസേവന വ്യവസ്ഥ ഉൾപ്പെടുന്നതുമായ സുരക്ഷ എന്നർത്ഥമാകുന്നു;

(ഛ) "സ്വകാര്യ സുരക്ഷാ ഏജൻസി" എന്നാൽ ഒരു സർക്കാർ ഏജൻസിയോ വകുപ്പോ സംഘടനയോ അല്ലാത്ത, സ്വകാര്യ സുരക്ഷാ ഗാർഡുകൾക്കോ അവരുടെ സൂപ്പർവൈസർക്കോ പരിശീലനം നൽകുന്നതുൾപ്പെടെ സ്വകാര്യ സുരക്ഷാ സേവനങ്ങൾ നല്കുന്ന ബിസിനസ്സിൽ ഏർപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും വ്യാവസായിക അല്ലെങ്കിൽ ബിസിനസ് സംരംഭത്തിനോ ഒരു കമ്പനിക്കോ മറ്റേതെങ്കിലും വ്യക്തിക്കോ സ്വത്തിനോ സ്വകാര്യ സുരക്ഷാ ഗാർഡുകളെ ഏർപ്പെടുത്തുന്നതോ ആയ ഒരു വ്യക്തിയോ വ്യക്തികളുടെ നികായമോ എന്നർത്ഥമാകുന്നു;

(ജ) "സ്വകാര്യ സുരക്ഷാ ഗാർഡ്" എന്നാൽ ആയുധത്തോടുകൂടിയോ അല്ലാതെയോ മറ്റൊരു ആളിനോ സ്വത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ സ്വകാര്യ സുരക്ഷ ഏർപ്പെടുത്തുന്ന ഒരു വ്യക്തി എന്നർത്ഥമാകുന്നതും അതിൽ ഒരു സൂപ്പർവൈസർ ഉൾപ്പെടുന്നതുമാകുന്നു;

(ഝ) "സംസ്ഥാന സർക്കാർ" ഒരു കേന്ദ്രഭരണപ്രദേശത്തെ സംബന്ധിച്ചിടത്തോളം ഭരണഘടനയുടെ 239-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയാൽ നിയമിക്കപ്പെടുന്ന ആ കേന്ദ്രഭരണ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടുന്നതാകുന്നു.

3. നിയന്ത്രണാധികാരിയുടെ നിയമനം.—(1) സംസ്ഥാന സർക്കാർ, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, വിജ്ഞാപനംവഴി, സംസ്ഥാന ആഭ്യന്തര വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്തതോ തുല്യമായതോ ആയ ഒരു ആഫീസറെ നിയന്ത്രണാധികാരിയായി പദവി നിർദ്ദേശം ചെയ്യേണ്ടതാണ്.

(2) സംസ്ഥാന സർക്കാരിന്, നിയന്ത്രണാധികാരി ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുവേണ്ടി, ആ സർക്കാർ ആവശ്യമെന്ന് കരുതുന്ന പ്രകാരം, അങ്ങനെയുള്ള മറ്റ് ആഫീസർമാരെയും സ്റ്റാഫിനെയും അതിന്, ലഭ്യമാക്കാവുന്നതാണ്.

4. ലൈസൻസ് ഇല്ലാതെ വ്യക്തികളോ സ്വകാര്യ സുരക്ഷാ ഏജൻസിയോ സ്വകാര്യ സുരക്ഷാ ഗാർഡിനെ ഏർപ്പാടാക്കുകയോ ഏർപ്പെടുത്തുകയോ പാടില്ലെന്ന്.—ഈ ആക്റ്റിൻ കീഴിൽ നല്കപ്പെട്ട ഒരു ലൈസൻസ് കൈവശം ഇല്ലാത്ത ഒരു വ്യക്തിയും സ്വകാര്യ സുരക്ഷാ ഏജൻസിയുടെ ബിസിനസ് നടത്തുവാനോ ആരംഭിക്കുവാനോ പാടുള്ളതല്ല:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് സ്വകാര്യ സുരക്ഷാ ഏജൻസിയുടെ ബിസിനസ് നടത്തിപ്പോരുന്ന ആളിന്, അങ്ങനെയുള്ള പ്രാരംഭത്തീയതി മുതൽ ഒരു വർഷക്കാലയളവിലേക്ക് തുടരാവുന്നതും അങ്ങനെയുള്ള ലൈസൻസിനുവേണ്ടി അയാൾ അപേക്ഷ നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള അപേക്ഷ തീർപ്പാക്കുന്നതുവരെ തുടരാവുന്നതുമാണ്:

എന്നുമാത്രമല്ല, യാതൊരു സ്വകാര്യ സുരക്ഷാ ഏജൻസിയും നിയന്ത്രണാധികാരിയുടെ അനുമതി ലഭിക്കാതെ വിദേശത്ത് സ്വകാര്യ സുരക്ഷ ഏർപ്പെടുത്താൻ പാടില്ലാത്തതും അത് അങ്ങനെയുള്ള അനുമതി നൽകുന്നതിനുമുമ്പ് കേന്ദ്രസർക്കാരുമായി ആലോചിക്കേണ്ടതുമാണ്.

5. ലൈസൻസിനുള്ള യോഗ്യത.—ഈ ആക്റ്റിൻകീഴിൽ ലൈസൻസ് നൽകുന്നതിനുള്ള ഒരാളുടെ ഒരു അപേക്ഷ, അയാളുടെ പൂർവ്വ ചരിത്രം യഥാവിധി പരിശോധിച്ചതിനുശേഷം മാത്രമേ പരിഗണിക്കാൻ പാടുള്ളൂ.

6. ലൈസൻസിന് യോഗ്യത ഇല്ലാത്ത ആളുകൾ.—(1) ഒരാളെ, അയാൾ,—

(ക) ഒരു അവിമുക്ത നിർധനൻ ഉൾപ്പെടെ ഒരു കമ്പനിയുടെ അഭിവൃദ്ധിപ്പെടുത്തലുമായോ രൂപീകരണവുമായോ നടത്തിപ്പുമായോ ബന്ധപ്പെട്ട ഒരു കുറ്റത്തിന് (കമ്പനിയുമായി ബന്ധപ്പെട്ട് അയാൾ ചെയ്ത ഏതെങ്കിലും വഞ്ചന അല്ലെങ്കിൽ ദുഷ്പ്രവർത്തി), ശിക്ഷിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഖ) നിർദ്ദിഷ്ട തടവുശിക്ഷ രണ്ട് വർഷത്തിൽ കുറയാതെയുള്ള ഒരു കുറ്റത്തിന് ക്ഷമതയുള്ള ഒരു കോടതിയാൽ ശിക്ഷിക്കപ്പെടുകയോ; അല്ലെങ്കിൽ

(ഗ) അവരുടെ പ്രവർത്തനങ്ങൾ ദേശീയ സുരക്ഷയ്ക്കോ ക്രമസമാധാനത്തിനോ ഭീഷണിയാകുന്നു എന്ന കാരണത്താൽ ഏതെങ്കിലും നിയമപ്രകാരം നിരോധിക്കപ്പെട്ട ഏതെങ്കിലും സംഘടനയുമായോ സമാജവുമായോ ബന്ധപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ദേശീയ സുരക്ഷയ്ക്കോ ക്രമസമാധാനത്തിനോ ഹാനികരമായ പ്രവർത്തനങ്ങളിൽ അങ്ങനെയുള്ള ആൾ ഏർപ്പെട്ടിരിക്കുന്നതായി വിവരം ലഭിക്കുകയോ; അല്ലെങ്കിൽ

(ഘ) പെരുമാറ്റ ദൂഷ്യത്തിന്റെയോ, സാൻമാർഗ്ഗികാധഃപതനത്തിന്റെയോ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസിൽനിന്നും ഡിസ്മിസ് ചെയ്യപ്പെടുകയോ നീക്കം ചെയ്യപ്പെടുകയോ ചെയ്താൽ,

ഈ ആക്റ്റ് പ്രകാരം ഒരു ലൈസൻസ് നൽകുന്നതിന് പരിഗണിക്കാൻ പാടുള്ളതല്ല.

(2) ഭാരതത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത അല്ലെങ്കിൽ ഭാരതത്തിലെ ഒരു പൗരനല്ലാത്ത ഒരു ഉടമയോ ഒരു മെജോറിറ്റി ഓഹരിയുടമയോ പങ്കാളിയോ ഡയറക്ടറോ ഉള്ള ഒരു കമ്പനിയോ ഫേമോ വ്യക്തികളുടെ നികായമോ ആണെങ്കിൽ അതിനെ ഈ ആക്റ്റിൻകീഴിൽ ഒരു ലൈസൻസ് നൽകുന്നതിന് പരിഗണിക്കപ്പെടുന്നതല്ല.

7. ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷ.—(1) ഒരു സ്വകാര്യ സുരക്ഷാ ഏജൻസിക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ നിയന്ത്രണാധികാരിക്ക് സമർപ്പിക്കാവുന്നതാണ്.

(2) അപേക്ഷകൻ, 6-ാം വകുപ്പിലെ വ്യവസ്ഥകൾ, സ്വകാര്യ സുരക്ഷാ ഗാർഡുകൾക്കും സൂപ്പർവൈസർമാർക്കുംവേണ്ടി 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള പരിശീലനത്തിന്റെ ലഭ്യത ഉറപ്പാക്കൽ, 11-ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ നിറവേറ്റൽ, പോലീസ് രജിസ്റ്റർ ചെയ്ത അല്ലെങ്കിൽ ഒരു നിയമ കോടതിയിൽ നിലവിലിരിക്കുന്ന, അപേക്ഷകൻ ഉൾപ്പെടുന്നതായ കേസുകൾ എന്നിവയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപേക്ഷയോടുമൊപ്പം,—

(ക) സംസ്ഥാനത്തെ ഒരു ജില്ലയിലാണ് സ്വകാര്യ സുരക്ഷാ ഏജൻസി പ്രവർത്തിക്കുന്നതെങ്കിൽ അയ്യായിരം രൂപയും;

(ഖ) സംസ്ഥാനത്തെ ഒന്നിലധികം എന്നാൽ അഞ്ച് വരെയുള്ള ജില്ലകളിലാണ് ഏജൻസി പ്രവർത്തിക്കുന്നതെങ്കിൽ പതിനായിരം രൂപയും;

(ഗ) സംസ്ഥാനത്തൊട്ടാകെയാണ് ഇത് പ്രവർത്തിക്കുന്നതെങ്കിൽ ഇരുപത്തിഅയ്യായിരം രൂപയും,

ഫീസായി ഉണ്ടായിരിക്കേണ്ടതാണ്.

(4) നിയന്ത്രണാധികാരി (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിച്ചതിൻമേൽ അത് ആവശ്യമെന്ന് കരുതുന്ന പ്രകാരം അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയ ശേഷവും ബന്ധപ്പെട്ട പോലീസ് അധികാരിയിൽനിന്നും ആക്ഷേപം ഇല്ലെന്ന സാക്ഷ്യപ്പെടുത്തൽ കിട്ടിയ ശേഷവും നിർദ്ദിഷ്ട ഫീസും പൂർണ്ണവിവരങ്ങളും അടങ്ങിയ അപേക്ഷ കൈപ്പറ്റി അറുപത് ദിവസ കാലാവധിക്കുള്ളിൽ ലിഖിതമായ ഉത്തരവുവഴി ലൈസൻസ് നൽകുകയോ അത് നൽകുന്നത് നിരസിക്കുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, നിരസിക്കലിന്റെ യാതൊരു ഉത്തരവും,—

(ക) അപേക്ഷകന് കേൾക്കപ്പെടുന്നതിന് ന്യായമായ ഒരു അവസരം നല്കിയും ;

(ഖ) ലൈസൻസ് നിരസിക്കുന്നതിനുള്ള കാരണങ്ങൾ ഉത്തരവിൽ രേഖപ്പെടുത്തിയും അല്ലാതെ,

പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(5) ഈ വകുപ്പ് പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസ്,—

(ക) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അത് റദ്ദാക്കപ്പെട്ടാലല്ലാതെ അഞ്ച് വർഷം വരെ സാധുവായിരിക്കുന്നതും ;

(ഖ) അഞ്ച് വർഷം കഴിഞ്ഞശേഷം കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കി തുടർന്നും ഒരു അഞ്ച് വർഷക്കാലത്തേക്ക് പുതുക്കാവുന്നതും ;

(ഗ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതുമാണ്.

8. ലൈസൻസ് പുതുക്കൽ.—(1) ഒരു ലൈസൻസിന്റെ പുതുക്കലിനുള്ള ഒരു അപേക്ഷ നാല്പത്തിയഞ്ച് ദിവസത്തിൽ കുറയാത്ത, അതിന്റെ സാധുതയുടെ കാലാവധി അവസാനിക്കുന്ന തീയതിക്കുമുമ്പ്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും ഈ ആക്റ്റിലെ 6-ഉം, 7-ഉം, 11-ഉം വകുപ്പുകൾ പ്രകാരം ആവശ്യമായ വേണ്ടത്ര ഫീസും മറ്റു രേഖകളും സഹിതം നിയന്ത്രണാധികാരിക്ക് നൽകേണ്ടതാണ്.

(2) എല്ലാ കാര്യങ്ങളിലും പൂർണ്ണമായ അപേക്ഷ കൈപ്പറ്റിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയിൻമേൽ, നിയന്ത്രണാധികാരി ഒരു ഉത്തരവ് പാസാക്കേണ്ടതാണ്.

(3) നിയന്ത്രണാധികാരിക്ക് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിച്ചതിൻമേൽ അദ്ദേഹം ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയശേഷവും ലിഖിതമായ ഉത്തരവുവഴിയും ലൈസൻസ് പുതുക്കുകയോ അത് പുതുക്കുന്നത് നിരസിക്കുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, നിരസിക്കലിന്റെ യാതൊരു ഉത്തരവും അപേക്ഷകന് കേൾക്കപ്പെടാൻ ന്യായമായ ഒരു അവസരം നൽകിയശേഷമല്ലാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

9. പ്രവർത്തനത്തിന്റെ പ്രാരംഭത്തിനും സൂപ്പർവൈസർമാരുടെ ഏർപ്പെടുത്തലിനുമുള്ള വ്യവസ്ഥകൾ.—(1) ഓരോ സ്വകാര്യ സുരക്ഷാ ഏജൻസിയും ലൈസൻസ് ലഭിച്ച് ആറു മാസത്തിനകം അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(2) ഓരോ സ്വകാര്യ സുരക്ഷാ ഏജൻസിയും അതിന്റെ സ്വകാര്യ സുരക്ഷാ ഗാർഡുകൾക്കും സൂപ്പർവൈസർമാർക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള പരിശീലനവും, വൈദഗ്ധ്യവും നൽകുന്നത് ഉറപ്പ് വരുത്തേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുമുമ്പ് സ്വകാര്യ സുരക്ഷാ ഏജൻസിയുടെ ബിസിനസ് നടത്തിപ്പോരുന്ന വ്യക്തി, അങ്ങനെയുള്ള പ്രാരംഭ തീയതി മുതൽ ഒരു വർഷത്തെ ഒരു കാലയളവിനുള്ളിൽ അതിന്റെ ഗാർഡുകൾക്കും സൂപ്പർവൈസർമാർക്കും ആവശ്യമായ പരിശീലനം ഉറപ്പ് വരുത്തേണ്ടതാണ്.

(3) ഓരോ സ്വകാര്യ സുരക്ഷാ ഏജൻസിയും ലൈസൻസ് നൽകിയ തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അത്രയും എണ്ണം സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്.

(4) ഒരു സ്വകാര്യ സുരക്ഷാ ഏജൻസി, ഒരാളെ, അയാൾ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ നിറവേറ്റിയാലല്ലാതെ, ഒരു സൂപ്പർവൈസറായി നിയോഗിക്കുവാനോ ഏർപ്പെടുത്തുവാനോ പാടുള്ളതല്ല.

(5) സ്വകാര്യ സുരക്ഷാ ഗാർഡുകളുടെ ഒരു സൂപ്പർവൈസറെ ഏർപ്പെടുത്തുമ്പോൾ ഓരോ സ്വകാര്യ സുരക്ഷാ ഏജൻസിയും കരസേനയിലോ നാവികസേനയിലോ വ്യോമസേനയിലോ യൂണിയന്റെ മറ്റേതെങ്കിലും സായുധസേനകളിലോ സായുധ സമാധാനസംരക്ഷകസൈന്യവും ഹോം ഗാർഡുകളും ഉൾപ്പെടെയുള്ള സംസ്ഥാന പോലീസിലോ മൂന്ന് വർഷത്തെ കാലയളവിൽ കുറയാത്ത സേവന പരിചയമുള്ള ഒരാൾക്ക് മുൻഗണന നൽകേണ്ടതാണ്.

10. ഒരു സ്വകാര്യ സുരക്ഷാ ഗാർഡ് ആകുന്നതിനുള്ള അർഹത.—(1) ഒരു സ്വകാര്യ സുരക്ഷാ ഏജൻസി, ഏതൊരാളെയും, അയാൾ—

(ക) ഭാരതത്തിലെ ഒരു പൗരനാണെന്നോ കേന്ദ്രസർക്കാർ, അങ്ങനെയുള്ള മറ്റേതെങ്കിലും രാജ്യത്തെ പൗരനാണെന്നോ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കപ്പെടുകയും;

(ഖ) പതിനെട്ട് വയസ് പൂർത്തീകരിക്കുകയും എന്നാൽ അറുപത്തിയഞ്ച് വയസ്സ് തികയാതിരിക്കുകയും;

(ഗ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള രീതിയിൽ സ്വഭാവത്തെയും പൂർവ്വചരിത്രത്തേയും കുറിച്ച് ഏജൻസിയെ ബോദ്ധ്യപ്പെടുത്തുകയും;

(ഘ) നിർണ്ണയിക്കപ്പെട്ട സുരക്ഷാ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും ;

(ങ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ശാരീരിക നിലവാരം പുലർത്തുകയും ;

(ച) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള മറ്റ് വ്യവസ്ഥകൾ ബോദ്ധ്യപ്പെടുത്തുകയും,

ചെയ്യാത്തപക്ഷം, ഒരു സുരക്ഷാ ഗാർഡായി നിയോഗിക്കുവാനോ ഏർപ്പെടുത്തുവാനോ പാടുള്ളതല്ല.

(2) ക്ഷമതയുള്ള ഒരു കോടതിയാൽ ശിക്ഷിക്കപ്പെട്ടിട്ടുള്ളതോ യൂണിയന്റെ ഏതെങ്കിലും സായുധസേനകൾ, സംസ്ഥാന പോലീസ് സംഘടനകൾ, കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാരുകൾ ഇവയിലോ ഏതെങ്കിലും സ്വകാര്യ സുരക്ഷാ ഏജൻസിയിലോ സേവനം അനുഷ്ഠിക്കുമ്പോൾ പെരുമാറ്റ ദൂഷ്യത്തിന്റെയോ സാൻമാർഗ്ഗികാധഃപതനത്തിന്റെയോ അടിസ്ഥാനത്തിൽ ഡിസ്മിസ് ചെയ്യപ്പെട്ടതോ നീക്കം ചെയ്യപ്പെട്ടതോ ആയ യാതൊരാളെയും ഒരു സ്വകാര്യ സുരക്ഷാ ഗാർഡായോ സൂപ്പർവൈസറായോ നിയോഗിക്കുവാനോ ഏർപ്പെടുത്തുവാനോ പാടുള്ളതല്ല.

(3) ഓരോ സ്വകാര്യ സുരക്ഷാ ഏജൻസിയും ഒരാളെ ഒരു സ്വകാര്യ സുരക്ഷാ ഗാർഡായി നിയോഗിക്കുമ്പോൾ ഒരു അംഗമായി താഴെപറയുന്ന ഒന്നോ അതിൽ കൂടുതലോ സേനകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾക്ക്, മുൻഗണന നല്കാവുന്നതാണ്, അതായത്:—

(i) കരസേന;

(ii) നാവികസേന;

(iii) വ്യോമസേന;

(iv) യൂണിയന്റെ മറ്റേതെങ്കിലും സായുധ സേനകൾ;

(v) സംസ്ഥാനങ്ങളുടെ സായുധ സമാധാന സംരക്ഷക സൈന്യം ഉൾപ്പെടെയുള്ള പോലീസ്; കൂടാതെ

(vi) ഹോം ഗാർഡുകൾ.

11. ലൈസൻസിന്റെ വ്യവസ്ഥകൾ.—(1) സംസ്ഥാന സർക്കാരിന്, ഈ ആക്റ്റ് പ്രകാരം ലൈസൻസ് നൽകപ്പെടുന്നതിനുള്ള വ്യവസ്ഥകൾ നിർദ്ദേശിക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അങ്ങനെയുള്ള വ്യവസ്ഥകളിൽ ലൈസൻസുകാരൻ വിധേയനാകേണ്ട പരിശീലനത്തിന്റെ ആവശ്യകതകൾ, ഏജൻസി രൂപവൽക്കരിക്കുന്ന വ്യക്തിയുടെ അല്ലെങ്കിൽ വ്യക്തികളുടെ വിശദവിവരങ്ങൾ, അവരുടെ മേൽവിലാസത്തിലുള്ള ഏതെങ്കിലും മാറ്റം അല്ലെങ്കിൽ മാനേജ്മെന്റിന്റെ മാറ്റം എന്നിവയെക്കുറിച്ച് നിയന്ത്രണാധികാരിക്ക് കാലാകാലങ്ങളിൽ വിവരം നൽകേണ്ട ബാദ്ധ്യത, കൂടാതെ സ്വകാര്യ സുരക്ഷാ ഏജൻസിയാലോ അവരാൽ നിയോഗിക്കപ്പെട്ടതോ ഏർപ്പെടുത്തപ്പെട്ടതോ ആയ ഒരു സ്വകാര്യ ഗാർഡായോ, അതത് സംഗതിപോലെ, അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനിടയിൽ അവർക്കെതിരെ ഉണ്ടായ ക്രിമിനൽ ചാർജുകൂടി ഉൾപ്പെട്ടിരിക്കേണ്ടതുമാണ്.

(2) സംസ്ഥാന സർക്കാരിന്, 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സ്വകാര്യ സുരക്ഷാ ഏജൻസിയാൽ നൽകപ്പെടുന്ന ആവശ്യമായ പരിശീലനത്തെക്കുറിച്ച് പരിശോധിക്കുന്നതിനും ആവശ്യമായ പരിശീലനം ഉറപ്പാക്കുന്ന വ്യവസ്ഥ അവലംബിക്കാതിരിക്കുന്ന അങ്ങനെയുള്ള സ്വകാര്യ സുരക്ഷാ ഏജൻസിയുടെ തുടർന്നുള്ളതോ അല്ലാത്തതോ ആയ ലൈസൻസ് പുനഃപരിശോധിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

12. ലൈസൻസ് പ്രദർശിപ്പിക്കണമെന്ന്.—ഓരോ സ്വകാര്യ സുരക്ഷാ ഏജൻസിയും അതിന്റെ ലൈസൻസോ അതിന്റെ പകർപ്പോ ശ്രദ്ധയാകർഷിക്കത്തക്കരീതിയിൽ അതിന്റെ ബിസിനസ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

13. ലൈസൻസിന്റെ റദ്ദാക്കലും സസ്‌പെന്റ് ചെയ്യലും.—(1) നിയന്ത്രണാധികാരിക്ക് താഴെപ്പറയുന്ന ഏതെങ്കിലും ഒന്നോ അതിലധികമോ കാരണങ്ങളിൻമേൽ, ഏതൊരു ലൈസൻസും റദ്ദ് ചെയ്യാവുന്നതാണ്, അതായത്:—

(ക) തെറ്റിദ്ധരിപ്പിക്കൽ അല്ലെങ്കിൽ സാരവത്തായ വസ്തുതകൾ മറച്ചുവയ്ക്കലിൻമേലാണ് ലൈസൻസ് നേടിയിട്ടുള്ളത്;

(ഖ) ലൈസൻസ് കൈവശക്കാരൻ തെറ്റായ രേഖകളോ ഫോട്ടോകളോ ആണ് ഉപയോഗിച്ചിട്ടുള്ളത്;

(ഗ) ലൈസൻസ് കൈവശക്കാരൻ ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അല്ലെങ്കിൽ ലൈസൻസിന്റെ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിച്ചിട്ടുണ്ടെന്നുള്ളത്;

(ഘ) ലൈസൻസ് കൈവശക്കാരൻ ഏതെങ്കിലും ഒരു വ്യാവസായിക അല്ലെങ്കിൽ ബിസിനസ് സംരംഭത്തിലോ ഒരു കമ്പനിയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെയോ സ്വകാര്യ സുരക്ഷാ ഏജൻസി എന്ന നിലയിൽ അയാളുടെ കർത്തവ്യനിർവ്വഹണത്തിനിടയിൽ അയാൾക്ക് കിട്ടിയ വിവരം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നുള്ളത്;

(ങ) ലൈസൻസ് കൈവശക്കാരൻ ഏതെങ്കിലും ലെറ്റർഹെഡ്, പരസ്യം അല്ലെങ്കിൽ മറ്റേതെങ്കിലും അച്ചടിച്ച സംഗതി ഉപയോഗിച്ച് അല്ലെങ്കിൽ മറ്റു രീതിയിൽ സ്വകാര്യ സുരക്ഷാ ഏജൻസി സർക്കാരിന്റെ ഒരു മാധ്യമമാണെന്ന് പ്രതിപാദിക്കപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ അങ്ങനെയുള്ള ഏജൻസി ലൈസൻസ് നൽകപ്പെട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ ഒരു പേര് ഉപയോഗിക്കുന്നു അല്ലെങ്കിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളത്;

(ച) ലൈസൻസ് കൈവശക്കാരൻ ഒരു പബ്ലിക് സർവന്റ് എന്ന നിലയിൽ ആൾമാറാട്ടം നടത്തുകയോ നടത്തിക്കൊണ്ടിരിക്കുകയോ മറ്റൊരാളെ ആൾമാറാട്ടത്തിന് അനുവദിക്കുകയോ സഹായിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്നുണ്ടെന്നുള്ളത്;

(ഛ) സ്വകാര്യ സുരക്ഷാ ഏജൻസി വിനിർദ്ദേശിക്കപ്പെട്ട സമയ കാലാവധിക്കുള്ളിൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോ ഒരു സൂപ്പർവൈസറെ ഏർപ്പെടുത്തുന്നതിനോ പരാജയപ്പെട്ടെന്നുള്ളത്;

(ജ) ലൈസൻസ് കൈവശക്കാരൻ ആരോടെങ്കിലും സമ്മതിച്ച പ്രകാരം സേവനം നൽകുന്നതിന് മനഃപൂർവ്വം പരാജയപ്പെടുകയോ വിസമ്മതിക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ളത്;

(ഝ) ലൈസൻസ് കൈവശക്കാരൻ ഒരു കോടതി ഉത്തരവിന്റെയോ നിയമാനുസൃതമായ അധികാരസ്ഥാനത്തിന്റെ ഉത്തരവിന്റെയോ ലംഘനമായി എന്തെങ്കിലും പ്രവർത്തിച്ചുവെന്നോ അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് ലംഘിക്കുന്നതിന് ഉപദേശിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു അല്ലെങ്കിൽ സഹായിക്കുന്നു എന്നോ ഉപദേശിച്ചുകൊണ്ടിരിക്കുന്നുണ്ട്, പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട് അല്ലെങ്കിൽ സഹായിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുള്ളത്;

(ഞ) കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതി ചെയ്യാവുന്ന ആക്റ്റുകളിലെ വ്യവസ്ഥകൾ ലൈസൻസ് കൈവശക്കാരൻ ലംഘിച്ചിട്ടുണ്ടെന്നുള്ളത്;

(ട) സ്വകാര്യ സുരക്ഷാ ഏജൻസിയാൽ ഏർപ്പെടുത്തപ്പെട്ട സ്വകാര്യ സുരക്ഷാ ഗാർഡോ ഗാർഡുകളോ—

(i) സ്വകാര്യ സുരക്ഷ നൽകുന്നതിൽ പരാജയപ്പെട്ടെന്ന് അല്ലെങ്കിൽ അങ്ങനെയുള്ള സുരക്ഷ ഏർപ്പാടാക്കാത്തതു മുഖേന ഗുരുതരമായ ഉപേക്ഷയ്ക്ക് അപരാധികളായെന്ന്;

(ii) സംരക്ഷിക്കുമെന്ന് കരുതപ്പെട്ടവർ തന്നെ വിശ്വാസവഞ്ചന ചെയ്തെന്ന് അല്ലെങ്കിൽ സ്വത്തോ അതിന്റെ ഒരു ഭാഗമോ ദുർവിനിയോഗം ചെയ്തെന്ന്;

(iii) പതിവ് മദ്യപൻമാരായോ അച്ചടക്കമില്ലാത്തവരായോ കണ്ടെത്തിയെന്ന്;

(iv) കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരായി കണ്ടെത്തിയെന്ന്; അല്ലെങ്കിൽ

(v) അവരുടെ ചുമതലയിലുള്ള ആളിനോ സ്വത്തിനോ എതിരായ ഒരു കുറ്റകൃത്യത്തിന് പ്രേരണയോ മൗനാനുവാദമോ നൽകിയെന്ന് ആവർത്തിക്കപ്പെട്ട ദൃഷ്ടാന്തങ്ങൾ ഉണ്ടെന്നുള്ളത്; അല്ലെങ്കിൽ

(ഠ) ലൈസൻസ് കൈവശക്കാരൻ ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന ഏതെങ്കിലും പ്രവൃത്തി ചെയ്തിട്ടുണ്ടെന്നോ, പോലീസിനോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോ അതിന്റെ കൃത്യനിർവ്വഹണത്തിനിടയിൽ സഹായം ഏർപ്പെടുത്തിയിട്ടില്ലെന്നോ ദേശീയസുരക്ഷയ്ക്കോ പൊതുസമാധാനത്തിനോ ക്രമസമാധാനത്തിനോ ഹാനികരമാകത്തക്ക വിധത്തിൽ പ്രവർത്തിച്ചുവെന്നുള്ളത്.

(2) (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളിൻമേൽ ലൈസൻസ് റദ്ദാക്കുന്നതിന്റെ പ്രശ്നം നിലനിൽക്കവേ, ലിഖിതമായി രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ അപ്രകാരം ചെയ്യേണ്ടത് ആവശ്യമാണെന്ന് നിയന്ത്രണാധികാരിക്ക് ബോധ്യപ്പെട്ടിട്ടുള്ളിടത്ത്, ആ നിയന്ത്രണാധികാരിക്ക് ലിഖിതമായ ഉത്തരവു വഴി ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരം മുപ്പത് ദിവസത്തിൽ കവിയാത്ത അങ്ങനെയുള്ള കാലാവധിക്ക് ലൈസൻസിന്റെ പ്രവർത്തനം സസ്പെന്റ് ചെയ്യാവുന്നതും ലൈസൻസ് റദ്ദാക്കലിന്റെ പ്രശ്നം തീരുമാനിക്കപ്പെടുന്നതുവരെ ലൈസൻസ് സസ്പെന്റ് ചെയ്യൽ ദീർഘിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം എന്തെങ്കിലുമുണ്ടെങ്കിൽ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളിൽ ബോധിപ്പിക്കണമെന്ന് ലൈസൻസ് കൈവശക്കാരനോട് ആവശ്യപ്പെടാവുന്നതുമാണ്.

(3) ഒരു ലൈസൻസ് സസ്പെന്റ് ചെയ്തുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ ഉള്ള ഓരോ ഉത്തരവും ലിഖിതമായിരിക്കേണ്ടതും അങ്ങനെയുള്ള സസ്പെന്റ് ചെയ്യലിന്റെയോ റദ്ദാക്കലിന്റെയോ കാരണങ്ങൾ അതിൽ വ്യക്തമായിരിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ബാധിതമാകുന്ന ആളിന് നല്കേണ്ടതുമാണ്.

(4) ബന്ധപ്പെട്ട ആളെ കേൾക്കപ്പെടുന്നതിന് ന്യായമായ ഒരു അവസരം നൽകിയിട്ടല്ലാതെ (1)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

14. അപ്പീലുകൾ.—(1) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് നിരസിക്കുന്നതോ 8-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമുള്ള പുതുക്കലോ 13-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ലൈസൻസിന്റെ സസ്പെന്റ് ചെയ്യലോ ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് റദ്ദാക്കലോ വഴി നിയന്ത്രണാധികാരിയുടെ ഒരു ഉത്തരവിനാൽ സങ്കടം അനുഭവിക്കുന്ന ഏതൊരാളും ആ ഉത്തരവിനെതിരെ അങ്ങനെയുള്ള ഉത്തരവ് തീയതി മുതൽ അറുപതു ദിവസകാലാവധിക്കുള്ളിൽ സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര സെക്രട്ടറിക്ക് അപ്പീൽ നൽകാവുന്നതാണ്:

എന്നാൽ അപ്പീൽവാദി, അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് സംസ്ഥാന സർക്കാരിനെ ബോധ്യപ്പെടുത്തുന്നുവെങ്കിൽ പറയപ്പെടുന്ന അറുപതു ദിവസ കാലാവധി അവസാനിച്ച ശേഷവും ഒരു അപ്പീൽ അനുവദിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഓരോ അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും അതോടൊപ്പം ഏത് ഉത്തരവിനെതിരെയാണോ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളത് ആ ഉത്തരവിന്റെ ഒരു പകർപ്പും ഉണ്ടായിരിക്കേണ്ടതുമാണ്.

(3) ഒരു അപ്പീൽ തീർപ്പാക്കുന്നതിന് മുമ്പ് അപ്പീൽവാദിക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം സംസ്ഥാന സർക്കാർ നല്കേണ്ടതാണ്.

15. ഒരു സ്വകാര്യ സുരക്ഷാ ഏജൻസി സൂക്ഷിക്കേണ്ട രജിസ്റ്റർ.—(1) ഏതൊരു സ്വകാര്യ സുരക്ഷാ ഏജൻസിയും,—

(ക) സ്വകാര്യ സുരക്ഷാ ഏജൻസി നടത്തിപ്പോരുന്ന ആളുകളുടെ പേരുകളും മേൽവിലാസങ്ങളും;

(ഖ) അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള സ്വകാര്യ സുരക്ഷാ ഗാർഡുകളുടെയും സൂപ്പർവൈസർമാരുടെയും പേരുകളും മേൽവിലാസങ്ങളും ഫോട്ടോകളും ശമ്പളങ്ങളും;

(ഗ) സ്വകാര്യ സുരക്ഷാ ഗാർഡുകൾ അല്ലെങ്കിൽ സേവനങ്ങൾ ഏർപ്പെടുത്തപ്പെട്ട ആളുകളുടെ പേരുകളും മേൽവിലാസങ്ങളും;

(ഘ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു വിവരങ്ങളും,

ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ വച്ചുപോരേണ്ടതാണ്.

(2) നിയന്ത്രണാധികാരി, ആക്റ്റിന്റെ യഥോചിതമായ അനുവർത്തനം ഉറപ്പാക്കുന്നതിന് അത് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള വിവരങ്ങൾ ഏതെങ്കിലും സ്വകാര്യ സുരക്ഷാ ഏജൻസിയിൽ നിന്നോ സൂപ്പർവൈസറിൽ നിന്നോ സ്വകാര്യസുരക്ഷാ ഗാർഡിൽ നിന്നോ ആവശ്യപ്പെടാവുന്നതാണ്.

16. ലൈസൻസ് പരിശോധന, മുതലായവ.—നിയന്ത്രണാധികാരിക്കോ ഇതിലേക്കായി അദ്ദേഹത്തിനാൽ ചുമതലപ്പെടുത്തപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഉചിതമായ ഏതു സമയത്തും സ്വകാര്യസുരക്ഷാ ഏജൻസിയുടെ പരിസരത്ത് പ്രവേശിക്കാവുന്നതും ബിസിനസ് സ്ഥലവും റിക്കാർഡുകളും അക്കൗണ്ടുകളും ലൈസൻസുമായി ബന്ധപ്പെട്ട മറ്റു രേഖകളും പരിശോധിക്കാവുന്നതും നിരീക്ഷിക്കാവുന്നതും ഏതു രേഖയുടെയും പകർപ്പ് എടുക്കാവുന്നതുമാണ്.

17. ഫോട്ടോ ഐഡന്റിറ്റി കാർഡ് നൽകൽ.—(1) ഓരോ സ്വകാര്യ സുരക്ഷാ ഗാർഡിനും ഒരു ഫോട്ടോ ഐഡന്റിറ്റി കാർഡ്, ഗാർഡിനെ നിയോഗിക്കപ്പെടുന്ന അല്ലെങ്കിൽ ഏർപ്പെടുത്തപ്പെടുന്ന സ്വകാര്യ സുരക്ഷാ ഏജൻസിയാൽ നൽകപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഫോട്ടോ ഐഡന്റിറ്റി കാർഡ് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മാതൃകയിൽ നൽകേണ്ടതാണ്.

(3) ഓരോ സ്വകാര്യ സുരക്ഷാ ഗാർഡും അല്ലെങ്കിൽ സൂപ്പർവൈസറും (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട ഫോട്ടോ ഐഡന്റിറ്റി കാർഡ് അയാളുടെ ശരീരത്തിൽ വഹിക്കേണ്ടതും അത് നിയന്ത്രണാധികാരിയോ ഇതിലേക്കായി, അതിനാൽ അധികാരപ്പെടുത്തപ്പെട്ട മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

18. പ്രാധികാരപ്പെടുത്താത്ത ആളിനോട് വിവരം വെളിപ്പെടുത്തൽ.—(1) സ്വകാര്യ ഏജൻസിയാൽ നിയോഗിക്കപ്പെടാവുന്നതോ ഏർപ്പെടുത്തപ്പെടാവുന്നതോ അല്ലെങ്കിൽ നിയോഗിക്കപ്പെട്ടതോ ഏർപ്പെടുത്തപ്പെട്ടതോ ആയ ഒരാളും അങ്ങനെയുള്ള നിയോജകനാൽ ഏൽപ്പിക്കപ്പെട്ട ജോലിയെ അധികരിച്ച് അങ്ങനെയുള്ള നിയോജനത്തിനിടയിൽ അയാൾ ആർജ്ജിച്ച ഏതെങ്കിലും വിവരം, ഈ ആക്റ്റ് പ്രകാരം ആവശ്യപ്പെടാവുന്നതോ പോലീസിന്റെ ഏതെങ്കിലും അന്വേഷണ വിചാരണയുമായി അല്ലെങ്കിൽ അന്വേഷണവുമായി ബന്ധപ്പെട്ടതോ ഒരു അധികാരസ്ഥാനത്താൽ ആവശ്യപ്പെടാവുന്നതോ നിയമപ്രക്രിയയാലുള്ളതോ ആയ അങ്ങനെയുള്ള വെളിപ്പെടുത്തൽ ഒഴികെ, നിയോജകനോ അല്ലെങ്കിൽ നിയോജകൻ നിർദ്ദേശിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആളോടും അല്ലാതെ ഏതെങ്കിലും ആളോട് വെളിപ്പെടുത്താൻ പാടുള്ളതല്ല.

(2) ഒരു സ്വകാര്യ സുരക്ഷാ ഏജൻസിയിലെ എല്ലാ സ്വകാര്യ സുരക്ഷാ ഗാർഡുകളും ആ ഏജൻസിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തിന്റെ പ്രക്രിയയിൽ പോലീസിനോ അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ ആവശ്യമായ സഹായം ചെയ്തു കൊടുക്കേണ്ടതാണ്.

(3) ഏതെങ്കിലും സ്വകാര്യ സുരക്ഷാ ഗാർഡിനാൽ അയാളുടെ കർത്തവ്യനിർവ്വഹണ ത്തിനിടയിൽ ഏതെങ്കിലും നിയമത്തിന്റെ ലംഘനം ശ്രദ്ധിക്കപ്പെടുന്നുവെങ്കിൽ അത് അയാളുടെ മേലധികാരിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അദ്ദേഹം അനുക്രമമായി, അദ്ദേഹത്തിന്റെ നിയോജകനോ ഏജൻസിയോ മുഖേന അല്ലെങ്കിൽ അദ്ദേഹം തന്നെയോ പോലീസിനെ അറിയിക്കേണ്ടതുമാണ്.

19. ഏൽപ്പിച്ചുകൊടുക്കൽ.—സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം,—

(ക) പ്രയോഗിക്കപ്പെടാവുന്നതോ നിർവ്വഹിക്കപ്പെടാവുന്നതോ അല്ലെങ്കിൽ;

(ഖ) നിയന്ത്രണാധികാരിയാൽ പ്രയോഗിക്കപ്പെടാവുന്നതോ നിർവ്വഹിക്കപ്പെടാവുന്നതോ ആയ ഏതെങ്കിലും അധികാരമോ ചുമതലയോ (25-ാം വകുപ്പുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരങ്ങൾ ഒഴികെ), വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വിഷയത്തെ സംബന്ധിച്ചും അങ്ങനെയുള്ള നിബന്ധനകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിന് വിധേയമായും അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന സർക്കാരിന്റെ കീഴിലുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനാലോ അധികാരസ്ഥാനത്താലോ അല്ലെങ്കിൽ നിയന്ത്രണാ ധികാരിയുടെ കീഴിലുള്ള ഉദ്യോഗസ്ഥനാലോ കൂടി പ്രയോഗിക്കാവുന്നതോ നിർവ്വഹിക്കാവുന്നതോ ആണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്.

20. ചില വ്യവസ്ഥകളുടെ ലംഘനത്തിനുള്ള ശിക്ഷ.—(1) 4-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലയളവിലേക്കുള്ള തടവുശിക്ഷയോ ഇരുപത്തയ്യായിരം രൂപയോളം ആകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ആക്റ്റിന്റെ 9-ഉം 10-ഉം 12-ഉം വകുപ്പുകളുടെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സ്വകാര്യ സുരക്ഷാ ഏജൻസിയും ലൈസൻസ് സസ്പെന്റ് ചെയ്യലിനോ റദ്ദാക്കലിനോ പുറമെ ഇരുപത്തയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

21. ചില യൂണിഫോമുകളുടെ അനധികൃതമായ ഉപയോഗത്തിനുള്ള പിഴ.—ഏതെങ്കിലും സ്വകാര്യ സുരക്ഷാ ഗാർഡോ സൂപ്പർവൈസറോ കരസേനയുടെയോ വ്യോമസേനയുടെയോ നാവികസേനയുടെയോ യൂണിയന്റെ മറ്റേതെങ്കിലും സായുധ സേനകളുടെയോ പോലീസിന്റെയോ യൂണിഫോമോ അല്ലെങ്കിൽ ആ യൂണിഫോമിന്റെ രൂപമുള്ളതോ അതിന്റെ പ്രത്യേക അടയാളങ്ങൾ ഏതെങ്കിലും വഹിക്കുന്നതോ ആയ ഏതെങ്കിലും വസ്ത്രമോ ധരിക്കുന്നുവെങ്കിൽ, അയാളും സ്വകാര്യ സുരക്ഷാ ഏജൻസിയുടെ ഉടമയും ഒരു വർഷത്തോളമാകാവുന്ന കാലയളവിലേക്ക് തടവു ശിക്ഷയോ അയ്യായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

22. കമ്പനികളാലുള്ള കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻകീഴിലെ ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിന്റെ ചുമതല വഹിച്ചിരുന്നതും ആ കമ്പനിയോട് ഉത്തരവാദപ്പെട്ടിരുന്നതുമായ ഓരോ ആളും അതുപോലെ തന്നെ ആ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനാകുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള ഏതെങ്കിലും ആളെ ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്യുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റു ആഫീസറുടെയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്ത് കൽപ്പിക്കപ്പെടാവുന്ന തായ ഏതെങ്കിലും ഉപേക്ഷമൂലമാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ആഫീസറോ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനാകുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

23. നഷ്ടോത്തരവാദം.—ഈ ആക്റ്റിൻകീഴിൽ ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സംബന്ധിച്ച് നിയന്ത്രണാധികാരി അത് അധികാരപ്പെടുത്തിയ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

24. സംസ്ഥാനങ്ങളാൽ സ്വീകരിക്കപ്പെടുന്നതിനുള്ള മാതൃകാ ചട്ടങ്ങളുടെ രൂപീകരണം.—കേന്ദ്രസർക്കാരിന് ഈ ആക്റ്റ് പ്രകാരം സംസ്ഥാന സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്ന വിഷയങ്ങളിൽ എല്ലാമോ ഏതെങ്കിലുമോ സംബന്ധിച്ച്, മാതൃകാ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും മാതൃകാചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളിടത്ത് സംസ്ഥാന സർക്കാർ 25-ാം വകുപ്പുപ്രകാരം ആ വിഷയത്തെ സംബന്ധിച്ച് ഏതെങ്കിലും ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ പ്രായോഗികമാകുന്നിടത്തോളം അങ്ങനെയുള്ള മാതൃകാ ചട്ടങ്ങൾക്ക് അനുരൂപമായിരിക്കേണ്ടതുമാണ്.

25. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.—(1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരം സ്വഭാവവും പൂർവ്വ ചരിത്രങ്ങളും പരിശോധിക്കുവാനുള്ള നടപടിക്രമം; 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഘ) ഖണ്ഡപ്രകാരമുള്ള പരിശീലനത്തിന്റെ മാതൃക; 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ങ) ഖണ്ഡപ്രകാരമുള്ള ശാരീരിക നിലവാരം, കൂടാതെ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ച) ഖണ്ഡപ്രകാരമുള്ള മറ്റു നിബന്ധനകൾ;

(ഖ) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം നിയോജിക്കപ്പെടേണ്ട സൂപ്പർ വൈസർമാരുടെ എണ്ണം;

(ഗ) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷയുടെ ഫാറം;

(ഘ) 7-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് നൽകേണ്ട ഫാറവും 11-ാം വകുപ്പുപ്രകാരം അങ്ങനെയുള്ള ലൈസൻസ് ഏതെല്ലാം നിബന്ധന കൾക്ക് വിധേയമായി നൽകണമെന്ന്;

(ങ) 8-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ലൈസൻസ് പുതുക്കലിനുള്ള ഒരു അപേക്ഷയുടെ ഫാറം;

(ച) 14-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അപ്പീൽ സമർപ്പിക്കുന്നതിനുള്ള ഫാറം;

(ഛ) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു രജിസ്റ്ററിൽ സൂക്ഷിക്കേണ്ട വിശദാംശങ്ങൾ;

(ജ) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള ഫാറം;

(ഝ) നിർണ്ണയിക്കപ്പെടുന്നതിന് ആവശ്യമായതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും സംഗതി.

(3) സംസ്ഥാന സർക്കാർ ഈ വകുപ്പ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ സംസ്ഥാന നിയമനിർമ്മാണമണ്ഡലത്തിന്റെ, അത് രണ്ട് സഭകൾ അടങ്ങിയിരിക്കുന്നിടത്ത്, ഓരോ സഭയുടെയും മുമ്പാകെയോ അല്ലെങ്കിൽ അങ്ങനെയുള്ള നിയമനിർമ്മാണമണ്ഡലം ഒരു സഭ അടങ്ങിയിരിക്കുന്നിടത്ത്, ആ സഭയുടെ മുമ്പാകെയോ വയ്ക്കേണ്ടതാണ്.

(4) യൂണിയൻ ഭൂപ്രദേശങ്ങളെ സംബന്ധിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ ഓരോ ചട്ടവും പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെയും നിയമനിർമ്മാണസഭ നിലവിലുള്ളിടത്ത് ആ സഭയുടെ മുമ്പാകെയും വയ്ക്കേണ്ടതാണ്.

## പട്ടിക

[13 (1) (ഞ) വകുപ്പ് കാണുക]

(1) കൂലി കൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4).

(2) വ്യാവസായികത്തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14).

(3) ഏറ്റവും കുറഞ്ഞകൂലി ആക്റ്റ്, 1948 (1948-ലെ 11).

(4) ജോലിക്കാരുടെ പ്രോവിഡന്റ് ഫണ്ടുകളും പലവിധ വ്യവസ്ഥകളും ആക്റ്റ്, 1952 (1952-ലെ 19).

(5) ബോണസ് കൊടുക്കൽ ആക്റ്റ്, 1965 (1965-ലെ 21).

(6) കോൺട്രാക്റ്റ് തൊഴിലാളി (ക്രമപ്പെടുത്തലും നിറുത്തലാക്കലും) ആക്റ്റ്, 1970 (1970-ലെ 37).

(7) ഗ്രാറ്റുവിറ്റി കൊടുക്കൽ ആക്റ്റ്, 1972 (1972-ലെ 39).

(8) തുല്യവേതനം ആക്റ്റ്, 1976 (1976-ലെ 25).

(9) ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്റ്റ്, 1979 (1979-ലെ 30).

# THE PRIVATE SECURITY AGENCIES (REGULATION) ACT, 2005

(ACT No. 29 OF 2005)

**സ്വകാര്യ സുരക്ഷാ ഏജൻസികൾ (നിയന്ത്രണം) ആക്റ്റ്, 2005**

(2005-ലെ 29-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Antecedents | പൂർവ്വചരിത്രം | Section 5 |
| 2. | Armoured car service | കവചിതകാർ സേവനം | Section 2(a) |
| 3. | Controlling authority | നിയന്ത്രണാധികാരി | Section 2(b) |
| 4. | Deployment | വിന്യാസം | Section 2(a) |
| 5. | Designate | പദവി നിർദ്ദേശം ചെയ്യുക | Section 3(1) |
| 6. | Instrumentality | മാധ്യമം | Section 13(1) (e) |